"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി ഡയറക്ടർ തസ്തികയിലെ ശ്രീമതി.ഒലീന.എ.ജി-യുടെ പുനർനിയമനം- കാലയളവ് ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.626/2026/LSGD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-

1. സ.ഉ (കൈ) നം.11/2004/പൊവിവ തീയതി 05.01.2004
2. 19.10.2016-ലെ സ.ഉ (പി) നം.159/2016/ധന നമ്പർ ഉത്തരവ്.
3. 04.06.2022-ലെ സ.ഉ (സാധാ) നം.3403/2022/GEDN നമ്പർ ഉത്തരവ്.
4. 08.02.2025-ലെ സ.ഉ (സാധാ) നം.394/2025/LSGD നമ്പർ ഉത്തരവ്
5. കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ 23.04.2025, 30.04.2025 എന്നീ തീയതികളിലെ എ2-2360/22/കെ.എസ്.എൽ.എം.എ നമ്പർ കത്തുകൾ.

**ഉത്തരവ്**

എം.ജി.കോളേജിൽ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിന്ന് വിരമിച്ച ശ്രീമതി.ഒലീന എ.ജി-യ്ക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറായി പുനർനിയമന വ്യവസ്ഥയിൽ പരാമർശം (3) പ്രകാരം നിയമനം നൽകുകയും, പ്രസ്തുത കാലാവധി അവസാനിച്ചതിനെ തുടർന്ന് പരാമർശം (4) പ്രകാരം ടിയാളുടെ പുനർനിയമന സേവന കാലാവധി 04.06.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ ഡയറക്ടർ തസ്തികയിലുള്ള ശ്രീമതി. ഒലീന.എ.ജി-യുടെ പുനർനിയമന സേവനകാലാവധി 03.06.2025-ന് അവസാനിച്ചതിനാലും, 31.05.2025-ന് ടിയാൾക്ക് 60 വയസ് തികയുന്നതിനാലും, പരാമർശം (1) പ്രകാരം ഭേദഗതി ചെയ്ത കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ റൂൾ 20 അനുസരിച്ച് ഡയറക്ടർ തസ്തികയ്ക്കുള്ള 60 വയസ് എന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ച്, ടിയാളുടെ പുനർനിയമന സേവനകാലാവധി 01.06.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് സാക്ഷരതാ മിഷൻ ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ റൂൾ 20 അനുസരിച്ച് ഡയറക്ടർ തസ്തികയ്ക്കുള്ള പ്രായപരിധി 60 വയസ് ആയതിനാലും, നിലവിലെ ഡയറക്ടർ ശ്രീമതി.ഒലീന.എ.ജി-യ്ക്ക് 31.05.2025-ന് 60 വയസ്സ് തികഞ്ഞതിനാലും, പ്രസ്തുത പ്രായപരിധിയിൽ ഇളവ് നൽകികൊണ്ട് ടിയാളുടെ പുനർനിയമന സേവന കാലാവധി 01.06.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതോടൊപ്പം തന്നെ 01.06.2025 മുതൽ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി വരെയുള്ള നിയമന കാലയളവ്

സാധൂകരിച്ച് നൽകേണ്ടതുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ പുനർനിയമന വ്യവസ്ഥയിൽ ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. ഒലീന.എ.ജി-യുടെ പുനർനിയമന സേവനം 01.06.2025 മുതൽ ഉത്തരവ് തീയതി വരെ സാധൂകരിച്ച് നൽകിക്കൊണ്ടും, പരാമർശം (1) പ്രകാരം ഭേദഗതി ചെയ്ത സാക്ഷരത മിഷൻ അതോറിറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ഭേദഗതി റൂൾ 20 പ്രകാരമുള്ള ഡയറക്ടറുടെ പ്രായപരിധിയായ 60 വയസ്സ് എന്ന വ്യവസ്ഥയിൽ ഇളവ് നൽകി, പരാമർശം (2) പ്രകാരം അംഗീകരിച്ച ചുവടെ ചേർക്കുന്ന സേവന വേതന വ്യവസ്ഥകൾ പ്രകാരം ശ്രീമതി. ഒലീന.എ.ജി-യുടെ പുനർനിയമന സേവന കാലാവധി 01.06.2025 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, പുനർനിയമന വേതനം = അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളം - അടിസ്ഥാന പെൻഷൻ.
കൂടാതെ ചുവടെ ചേർത്തിരിക്കുന്ന ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

(ii) ടിയാൾ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന് പുനർനിയമനം ലഭിക്കുന്ന സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ HRA അനുവദിക്കാവുന്നതാണ്.

(iii) മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി പുനർനിയമന വേതനത്തിന് ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

(iv) പെൻഷന് ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.

(v) വാർഷിക ഇൻക്രിമെന്റിന് അർഹതയുണ്ട്. എന്നാൽ stagnation ഇൻക്രിമെന്റിനും മറ്റൊരു ആനുകൂല്യങ്ങൾക്കും അർഹതയില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

1) ശ്രീമതി. ഒലീന.എ.ജി, ഫ്ലാറ്റ് നം.518, 5th ബ്ലോക്ക് കെ എസ് എച്ച് ബി, ഇ.എം.എസ് നഗർ, പാറ്റൂർ, തിരുവനന്തപുരം- 695035.
2) ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
3) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
5) പൊതുഭരണ (SC) വകുപ്പ് (ഇനം.നം.3829, തീയതി 05.03.2026)
6) ധനകാര്യ വകുപ്പ് (2874950 ഡെവ-1/142/2024-ധന തീയതി 27.09.2025 പ്രകാരം)
7) വിജിലൻസ് വകുപ്പ് (VIG-F2/338/2025 തീയതി 02.08.2025 പ്രകാരം )
8) പൊതു വിദ്യാഭ്യാസ വകുപ്പ്
7) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & new media)
8) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 07-03-2026 17:49:38

സെക്ഷൻ ഓഫീസർ